## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1060.** **30.01.2019 ൽ മറുപടിയ്ക്ക്**

## കൗമാരക്കാരിലും യുവജനങ്ങളിലും വർദ്ധിച്ച് വരുന്ന മയക്കുമരുന്ന് ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഇ.എസ്.ബിജിമോൾ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | കൗമാരക്കാരിലും യുവജനങ്ങളിലും വർദ്ധിച്ച് വരുന്ന മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിന് നടപ്പാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) | സമഗ്രമേഖലയിലുമുള്ള പൊതുജനപങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ആയതിലൂടെ ലഹരി വിമുക്ത കേരളം സാക്ഷാത്ക്കരിക്കുക എന്ന ലക്ഷ്യം കൈവരിക്കുവാനും ലക്ഷ്യമിട്ട് മുൻനിർത്തി സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്.<br><br>മയക്കുമരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കും എതിരായ പ്രവർത്തനങ്ങളിൽ എൻഫോഴ്സ്മെന്റിനോടൊപ്പം തന്നെ സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരിയ്ക്ക് എതിരായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ കോളേജ് വിദ്യാർഥികൾക്കായി ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ക്വിസ്സ്, ചിത്രരചന, കൈയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു. "വിമുക്തി" മിഷന്റെ പ്രവർത്തനത്തിന്റെ ഭാഗമായി റിപ്പബ്ലിക് ദിനമായ 26/01/2019-ന് സംസ്ഥാന വ്യാപകമായി പഞ്ചായത്തടിസ്ഥാനത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുകയുണ്ടായി. ലഹരിക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം പ്രചരിപ്പിച്ച്, സ്പോർട്സ് കൗൺസിൽ, മറ്റ് സ്പോർട്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് കുട്ടികൾക്കും, യുവാക്കൾക്കുമായി കബഡി, വോളിബോൾ, ഫുട്ബോൾ തുടങ്ങിയ കായിക മത്സരങ്ങൾ സംസ്ഥാന വ്യാപകമായി നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | മയക്കുമരുന്ന് കടത്തുകാരായും വിൽപനക്കാരായും പിടിക്കപ്പെടുന്ന കുറ്റവാളികളിൽ കൗമാരക്കാരുടെ എണ്ണത്തിലുള്ള വർദ്ധനവ് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി) യും (സി) യും | ശ്രദ്ധയിൽ വന്നിട്ടുണ്ട്. മയക്കുമരുന്നുകൾ, പുകയില ഉത്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർഥങ്ങളുടെ ഉപയോഗം, സംഭരണം, വിപണനം എന്നിവ കർശനമായി തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടത്തി വരുന്നുണ്ട്. ഷാഡോ എക്സൈസ് സംവിധാനവും ഇന്റലിജൻസ് വിഭാഗവും, എക്സൈസ് സ്ക്വാഡുകളും മുഖേന സൂക്ഷ്മമായ നിരീക്ഷണങ്ങൾ നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും മേൽനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ബന്ധപ്പെട്ട മേഖലകളിലും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി സഹകരിച്ചു കൊണ്ട് അതിർത്തി പ്രദേശങ്ങളിലും സംയുക്ത പരിശോധനകൾ നടത്തി വരുന്നുണ്ട്. ചെക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തമാക്കുകയും കർശനമായ വാഹന പരിശോധകൾ നടത്തുകയും ചെയ്തു വരുന്നു. ട്രെയിൻ വഴിയുള്ള ലഹരി കടത്ത് തടയുന്നതിനായി റയിൽവേ സംരക്ഷണ സേനയുടെ സഹായത്തോടെ ട്രെയിനുകളിലും റയിൽവേ സ്റ്റേഷനുകളിലും പരിശോധനകൾ നടത്തി വരുന്നു.<br>കൂടാതെ സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-യുടെ ഭാഗമായി വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| (സി) | അതീവ ഗുരുതരമായ ഈ പ്രശ്നത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**